ച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പണികൾ നിർത്തിവയ്ക്കേണ്ടിവന്നു. 1965 മുതൽ 1967 വരെ കാലയളവിൽ ഏകദേശം 40.2 ദശലക്ഷം രൂപയുടെ പണി നടത്തിയിട്ടുണ്ട്. തുടർന്ന് വേണ്ടിവന്ന അത്യാവശ്യ പണികൾ സംസ്ഥാന ബഡ്ജറ്റിലെ തുക വിനിയോഗിച്ച് നടത്തിവരുന്നുണ്ട്. അതിനു ശേഷം 1997-ലും 99-ലും കേന്ദ്ര സഹായത്തിനായി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടുവെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിക്കായി അംഗീകാരം നൽകുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്കനുസൃതമായി പുതുക്കി നൽകുവാൻ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് 1999-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ 1692 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 1999 നവംബറിൽ ഉപരിതല ഗതാഗതമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിരിക്കുകയാണ്. എത്രയും വേഗം അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപടിയെടുത്തു വരികയാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(13) ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ ഇറിഗേഷൻ പ്രോജക്ടുകളും കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കുന്നതു സംബന്ധിച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ ; സർ, എന്റെ നിയോജക മണ്ഡലത്തിലെ വിവിധ ഇറിഗേഷൻ പ്രോജക്ടുകളും കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കുന്നതു സംബന്ധിച്ച് മുട്ടാത്ത വാതിലുകളില്ല. മുട്ടിയിട്ടു പ്രയോജനമില്ലാതെ വന്നതുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കോടശ്ശേരി പഞ്ചായത്തിലെ പിലാർമൂഴി ഇറിഗേഷൻ പദ്ധതിക്കു ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ശിലാസ്ഥാപനം നടത്തി ഉൽഘാടന കർമ്മം ഭംഗിയായി നിർവ്വഹിച്ചു. 19960-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യപ്പെട്ട ഈ പദ്ധതിക്ക് പിന്നീട് അനക്കമുണ്ടായിട്ടില്ല. ഇപ്പോൾ രണ്ടായിരാമാണ്ടായി. 1996-ൽ ടെണ്ടർ വിളിച്ച് വെറുതെയായിപ്പോയ പിലാർമൂഴി ലിഫ്റ്റ് ഇറിഗേഷന് കുളം കുഴിക്കുന്നതിനാവശ്യമായ സ്ഥലം നൽകാനുമൊക്കെയായി ലക്ഷക്കണക്കിനു രൂപ ചെലവു ചെയ്ത് പാവപ്പെട്ട കൃഷിക്കാരുടെ ന്യായമായ മോഹം സ്ഥാപിച്ചു കൊടുക്കാൻ ഈ ബഡ്ജറ്റിലൂടെയെങ്കിലും ഗവൺമെന്റ് സഹായിക്കണം. മറ്റൊന്ന് 12 കൊല്ലങ്ങൾക്കു മുൻപ് പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനു മുൻപ് കോൺട്രാക്ടർക്ക് പണവും നൽകി അവസാനിപ്പിച്ചു വച്ചിരുന്ന ഒരു പദ്ധതിയാണ് കൊരട്ടി പഞ്ചായത്തിലെ പൊങ്ങം പദ്ധതി. വേനൽക്കാലത്ത് സുലഭമായ ജലസോഴ്സാണ്. എപ്പോഴും ജലം കിട്ടും. പക്ഷെ ആ വെള്ളം ലിഫ്റ്റു ചെയ്തു കിട്ടാനുള്ള സംവിധാനത്തിന് കഴിഞ്ഞ പതിനാലു കൊല്ലമായി ഒരനക്കവുമില്ല. ഈ പദ്ധതിയും ഇന്ന് ജലരേഖയായി മണ്ണിനടിയിൽ ശയിക്കുകയാണ്. ആ പൊള്ളം പദ്ധതി കമ്മീഷൻ ചെയ്യിച്ചു തരണം. നാലു കൊല്ലമായി മുടങ്ങി കിടക്കുന്ന കൂടപ്പുഴ തടയണ പദ്ധതി. സാധാരണയായി ഒരു സീസണിൽ പണി പൂർത്തിയാക്കാവുന്നതാണ് കൂടപ്പുഴ പദ്ധതിയെ സംബന്ധിച്ച് ബന്ധപ്പെട്ടവർ കുറ്റകരമായ അനാസ്ഥ കാണിക്കുന്നതുകാരണം പണി നടക്കുന്നില്ല. ജലസേചന സൗകര്യം ലഭിക്കുന്നില്ലെന്നുള്ളതോ പോകട്ടെ, പകുതി പണിയായി പാറകൾ പൊട്ടിച്ച് പുഴയുടെ നടുവിലിട്ടിട്ടുള്ളതുകൊണ്ട് പദ്ധതി നടക്കുന്നതിന്റെ തൊട്ടപ്പുറത്ത് രണ്ടു കരയും ഓരോ വർഷവും ഏക്കർ കണക്കിന് ഇടിഞ്ഞു നശിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. അതിനാൽ ഈ പണിയും ഈ വർഷംതന്നെ പൂർത്തിയാക്കിത്തരണം. കാടുകുടി പഞ്ചായത്തിലെ കുലയിടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ടെൻഡർ വിളിച്ച് ആരംഭിച്ച ഇതിന്റെ പണി സർക്കാർതന്നെ നിറുത്തിക്കളഞ്ഞു. മദുരാ കോട്സ് പൂട്ടിക്കിടക്കുന്നതുകൊണ്ട് വെള്ളം കിട്ടുന്നില്ലെന്നുള്ള ചില മുടന്തൻ ന്യായങ്ങൾ നിരത്തിയിരിക്കുകയാണ്. ഇരുപത്തിയെട്ടു ലക്ഷത്തിനു പകരം അൻപത്തെട്ടു ലക്ഷം രൂപയുടെ പദ്ധതി തരാം എന്നൊക്കെ വാക്കു പറഞ്ഞു നിൽക്കുന്നു എന്നുള്ളതല്ലാതെ ഈ ലിഫ്റ്റ് ഇറിഗേഷനും നടപ്പാക്കിയിട്ടില്ല. കുടിവെള്ളത്തിനായി കാടുകുറ്റി പഞ്ചായത്തിലെ കല്ലൂർ-വടക്കുംമുറി സ്കീം കമ്മീഷൻ ചെയ്യാതെ ജനങ്ങൾ വലയുകയാണ്. മേലൂർ-കൊരട്ടി റൂറൽ വാട്ടർ സപ്ലൈ സ്കീമിന് ടാങ്ക് പണിയാൻ സ്ഥലം വാങ്ങി കൊടുത്തിട്ടും ഒന്നും ചെയ്യുന്നില്ല. വാട്ടർ സപ്ലൈ സ്കീമിന് 1980-ൽ തുടങ്ങിയ ചാലക്കുടി പദ്ധതിക്ക് ഇനിയും വാട്ടർ ടാങ്കിന്റെ പണി പൂർത്തിയായിട്ടില്ല. ജില്ലയിലെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സർക്കാർ ചുമതലപ്പെടുത്തിയത് അനുസരിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കളക്ടറേറ്റിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ഒന്നും പറയാനും കേൾക്കാനും സമയം തികയാതിരുന്ന ആ കോൺഫറൻസിൽ ഞാൻ എന്റെ മണ്ഡലത്തിലെ കാര്യങ്ങൾ പറയാൻ ആരംഭിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകി ഈ മണ്ഡലത്തിലെ കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടി മാത്രം ഒരു സ്പെഷ്യൽ യോഗം വിളിച്ചുകൂട്ടി. ഒരു പരിഹാരവും ഇതുവരെ ഉണ്ടായിട്ടില്ല. ഒന്നിലേറെ പ്രാവശ്യം ജില്ലാ വികസന സമിതിയൊക്കെ ഓരോ പദ്ധതിയെക്കുറിച്ചും പറയുമ്പോഴും എല്ലാം സർക്കാരിൽ കെട്ടിക്കിടക്കുന്നു എന്നുപറയും. അതുകൊണ്ട് ഇതിനൊക്കെ പ്രത്യേകമായി കോൺഫറൻസ് വിളിച്ചുകൂട്ടി പരിഹാരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, ചാലക്കുടി മുനിസിപ്പാലിറ്റിയിലെ ആറാട്ടുകടവ് എന്ന സ്ഥലത്ത് ചാലക്കുടി പുഴയ്ക്കു കുറുകെ ചെക്കു ഡാം നിർമ്മിച്ച് ജലം സംഭരിച്ച് കുടിവെള്ളത്തിനും കൃഷി ആവശ്യത്തിനും ഉപകരിക്കത്തക്കവിധം കൂടപ്പുഴ ചെക്കുഡാം പദ്ധതി വിഭാവന ചെയ്തിരുന്നു. ഇതിന് 43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഉള്ളത്. ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും ശേഷം 1995 ഡിസംബറിൽ ദർഘാസുകൾ ക്ഷണിച്ച് പണി നടപ്പാക്കാൻ വേണ്ട നടപടിയും സർക്കാർ സ്വീകരിച്ചു. ഈ പ്രവൃത്തി നടത്തിയിരുന്ന കരാറുകാരൻ 45 ശതമാനത്തോളം പണി പൂർത്തിയാക്കിയപ്പോൾ പണി നിറുത്തി വച്ചശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ അന്യായം ഫയൽ ചെയ്യുകയും ചെയ്തു. അതിനാൽ ഈ പണി ഇപ്പോൾ തുടർന്ന് ഏറ്റെടുത്ത് പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ചാലക്കുടി നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും മറ്റു മൈനർ ഇറിഗേഷൻ പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. അവയുടെ നടത്തിപ്പിന് തടസ്സമൊന്നുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാലക്കുടി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ജലസേചന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവർഷൻ സ്കീം. ഇതിന്റെ പണികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഇടതുകര വലതുകര കനാലിൽക്കൂടി ഉദ്ദേശം 13530 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. ഇടമലയോർ ജലസേചന പദ്ധതിയിൽപ്പെട്ട കനാലുകളുടെ പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കനാലിന്റെ ആരംഭത്തിലുള്ള കുറച്ചു ഭാഗം വനം വകുപ്പിന്റെ അധീനതയിലായതിനാൽ ആ സ്ഥലം വനം വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

കൾക്ക് ശ്രമിക്കുന്നുണ്ട്. കാടുകുറ്റി പഞ്ചായത്തിലെ കാടുകുറ്റി ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾക്കുവേണ്ടിയുള്ള 176 ലക്ഷം രൂപ ചെലവു വരുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ഉന്നതതല സംഭരണികൾ പൂർത്തിയാക്കാനുള്ള നടപടിയും എടുത്തുവരുന്നു. ഈ പദ്ധതി രണ്ടായിരത്തിരണ്ടിൽ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊരട്ടി പദ്ധതി 342 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതിയാണ്. ഈ പദ്ധതി കൊണ്ട് 2028-ൽ 32595 പേർക്ക് പ്രയോജനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ഉന്നതതല ജലസംഭരണിയുടെയും സ്ഥലം ഈ ജനുവരി മാസത്തിലാണ് ലഭ്യമായിട്ടുള്ളത്. ആ സ്ഥലത്തിന്റെ മണ്ണുപരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. ഉറവിടത്തിന്റെയും ശുദ്ധീകരണശാലയുടെയും ടാങ്കിന്റെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരികയാണ്. 2001 ഡിസംബറിൽ കമ്മീഷൻ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്.

(14) പട്ടാമ്പി റെയിൽവേ സ്റ്റേഷനിൽ കുർള എക്സ്പ്രസ്സിന് സ്റ്റോപ്പും സ്റ്റോപ്പുള്ള ട്രെയിനുകളിലേയ്ക്ക് റിസർവേഷൻ സൗകര്യവും ഏർപ്പെടുത്തുന്നതിന്റെ ആവശ്യകതയും

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, റെയിൽവേയുടെ വളരെ വിചിത്രമായ പ്രവർത്തനം സഭയുടെ മുൻപിൽ കൊണ്ടുവന്ന് അതിന് പരിഹാരമുണ്ടാക്കാനാണ് ഈ സബ്മിഷൻയ വളരെ പ്രധാനപ്പെട്ട ഒരു റെയിൽവേ സ്റ്റേഷനാണ് പട്ടാമ്പി. മലപ്പുറം ജില്ലയുടെ കിഴക്കൻ മേഖലയിലെയും പാലക്കാടിന്റെ പടിഞ്ഞാറൻ മേഖലയിലെയും ജനങ്ങൾ ആശ്രയിക്കുന്ന ഏക റെയിൽവേസ്റ്റേഷനാണ് പട്ടാമ്പി. മദ്ധ്യകേരളത്തിലെ വളരെ പ്രസിദ്ധമായിട്ടുള്ള ഒരു ആരാധനാലയമാണ് ഗുരുവായൂർ ക്ഷേത്രം. ആ ഗുരുവായൂർ ക്ഷേത്രത്തിലേക്ക് അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ആളുകൾ പട്ടാമ്പിയിൽ ഇറങ്ങിയാണ് പോകുന്നത്. തിരുവനന്തപുരം-രാജ്കോട്ട്, തിരുവനന്തപുരം-ഗാന്ധിധാം തുടങ്ങിയ ട്രെയിനുകൾക്ക് പട്ടാമ്പിയിൽ ഒരു മിനിറ്റ് സമയം സ്റ്റോപ്പുണ്ട്. പക്ഷെ ഈ ട്രയിനുകൾക്ക് ഇവിടെ റിസർവേഷനില്ല. പട്ടാമ്പിയിലൂടെ കടന്നുപോകുന്ന കുർള എക്സ്പ്രസ്സിന് പട്ടാമ്പിയിൽ റിസർവേഷനുണ്ട്. പട്ടാമ്പിയിൽ സ്റ്റോപ്പില്ല. ഈ കുർള ട്രെയിനിന് റിസർവേഷനുള്ളവർ കയറണമെങ്കിൽ ഒന്നുകിൽ ഷൊർണ്ണൂരിൽ പോകണം അല്ലെങ്കിൽ കുറ്റിപ്പുറത്തു പോകണം. ഇതും ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ പ്രയാസമുണ്ടാക്കുന്നു. ഇവിടെ നിന്നുള്ള ആളുകൾ അന്യ സംസ്ഥാനങ്ങളിൽ പോയി തൊഴിൽ അന്വേഷിച്ച് ഉപജീവനം നടത്തുന്നു. അങ്ങനെയുള്ള നല്ലൊരു ശതമാനം ആളുകളുണ്ട്. ആ ആളുകൾക്ക് മറ്റു സംസ്ഥാനങ്ങളിലേക്ക് പോകാൻ ഇതുമൂലം വളരെയേറെ പ്രയാസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഉണ്ടായി പട്ടാമ്പിയിൽ ഇത്തരം ട്രെയിനുകൾക്ക് റിസർവേഷൻ അനുവദിക്കാനും ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. സി.കെ. നാണു</u>) : സർ, തിരുവനന്തപുരം-രാജ്കോട്ട്, കൊച്ചി-രാജ്കോട്ട്, തിരുവനന്തപുരം-ഗാന്ധിധാം എന്നീ ട്രയിനുകൾക്ക് പട്ടാമ്പിയിൽനിന്നും റിസർവേഷനും കുർള ട്രെയിനിന് പട്ടാമ്പിയിൽ സ്റ്റോപ്പും അനുവദിക്കേണ്ട ആവശ്യം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മെമ്പർ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെടട് സ്റ്റേഷനായ പട്ടാമ്പിയിൽ ഈ ആവശ്യങ്ങൾ നേടിയെടു

LIBRARY ARCHIVES Kerala Legislative Assembly